compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 05
Tuesday, 05th August 2025

1200 കർക്കടകം 20
20th Karkadakam 1200

1947 ശ്രാവണം 14
14th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **31**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/1434/2025-UI (1). 2025 ജൂലൈ 28.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 13-3-2025-ലെ JRGTVM/5340/2024-AEL നമ്പർ ഉത്തരവ് പ്രകാരം പരണിയം റസിഡൻസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1451-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചു ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ക്ലെയിം ലഭിക്കാനുണ്ടെങ്കിൽ ആയത് 28-7-2025 മുതൽ രണ്ട് മാസത്തിനകം നെയ്യാറ്റിൻകര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അതിയന്നൂർ യൂണിറ്റ് ഇൻസ്പെക്ടറായ എന്നെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഏതൊരുവിധ ക്ലെയിമും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, നെയ്യാറ്റിൻകര.

(ഒപ്പ്)
ലിക്വിഡേറ്റർ/
അതിയന്നൂർ യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/542/2025/AEL. 2025 ജൂൺ 6.

വിഷയം :—സമാപ്തീകരണം—മുതുവല്ലൂർ പഞ്ചായത്ത് പട്ടികജാതി വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 865—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 1-11-2019-ലെ എസ്. സി. ടി. 3883/2016 നമ്പർ ഉത്തരവ്.

(2) കേരള സംസ്ഥാന സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ടെ 29-5-2024-ലെ RCS/5653/2024/AEL-1 നമ്പർ ഉത്തരവ്.

(3) സർക്കാരിന്റെ 31-12-2024-ലെ G.O.(P) No. 232/2024/Co-op. പ്രകാരം നിലവിൽ വന്ന ചട്ട ഭേദഗതി.

(4) ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറത്തിന്റെ 24-5-2025-ലെ JRMPM/542/2025/AEL നമ്പർ ഉത്തരവ്.

(5) സംഘം ലിക്വിഡേറ്ററുടെ 4-6-2025 തീയതിയിലെ ARGKDY/426/2022/UI(1) നമ്പർ അപേക്ഷ.

(6) സംഘത്തിന്റെ 4-6-2025-ലെ അന്തിമ പൊതുയോഗത്തിലെ നാലാം നമ്പർ തീരുമാനം.

(7) കൊണ്ടോട്ടി അസിസ്റ്റന്റ് രജിസ്ട്രാരുടെ 4-6-2025-ലെ ARGKDY/426/2022/UI(1) നമ്പർ അപേക്ഷ.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പരതക്കാട് ആസ്ഥാനമാക്കി ഒരു പ്രാഥമിക എസ്. സി/എസ്. ടി. സഹകരണ സംഘമായി 18-4-2012-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 7-5-2012-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മുതുവല്ലൂർ പഞ്ചായത്ത് പട്ടികജാതി വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 865-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 1-12-2020-ന് ലിക്വിഡേറ്ററായി കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. ലിക്വിഡേറ്ററുടെ കാലാവധി പരാമർശം (2) പ്രകാരം 31-10-2024 വരെ ദീർഘിപ്പിച്ച് ലഭിച്ചിരുന്നു. തുടർന്ന് ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ പരാമർശം (3) പ്രകാരം 31-12-2024-ന് നിലവിൽ വന്ന കേരള സഹകരണ സംഘം ചട്ടം 69 (12)-ലെ ഭേദഗതി പ്രകാരം 6-6-2025 വരെ കാലാവധി ലഭ്യമായതിന്റെയും അടിസ്ഥാനത്തിൽ ലിക്വിഡേറ്ററുടെ തുടർ നടപടികൾ ക്രമവത്കരിക്കാവുന്നതാണെന്ന് കാണുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ പൂർത്തീകരിച്ച നാളിതുവരെ സ്വീകരിച്ച നടപടികൾ താഴെ വിശദമാക്കുന്നു. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി-ബാധ്യതകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി മൂലധനം-എ ക്ലാസ്	163200.00	ക്യാഷ് ഇൻ ഹാന്റ്	2057.00
ഡിപ്രിസിയേഷൻ	40.00	ക്യാഷ് അറ്റ് ബാങ്ക്	150275.00
എസ്റ്റാബ്ലിഷ്മെന്റ് ആന്റ് കണ്ടിജൻസി	2500.00	മറ്റ് ആസ്തികൾ (പലവക)	4210.00
അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ബൈ	9580.00	നെയിം ബോർഡ്	200.00
		അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ടു	10334.00
		നെറ്റ് ലോസ്	8244.00
ആകെ	**175320.00**	**ആകെ**	**175320.00**

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് നിയമാനുസൃതം 25-1-2022-ന് സർക്കാർ ഗസറ്റിലും പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള മറ്റ് സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല. തടർന്ന് ലിക്വിഡേറ്ററുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംഘത്തിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 1,63,200 രൂപയുടെ ഓഹരി ഉൾപ്പെടെയുള്ള ബാധ്യതകളും ആസ്തികളും യഥാക്രമം കണ്ട് കെട്ടിയും എഴുതി തള്ളിയും 3-6-2022-ന് JRMPM/5495/2019/AEL നമ്പരായി ഉത്തരവ് നൽകിയിരുന്നു. എന്നാൽ സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ പ്രകാരമുള്ള 44 എ ക്ലാസ് ഓഹരി ഉടമകൾക്ക് മേൽ പ്രകാരം പ്രസിദ്ധീകരിച്ച ക്ലെയിം നോട്ടീസ് കൂടാതെ നേരിട്ട് അറിയിപ്പ് നൽകുന്നതിന് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ അംഗങ്ങൾക്കും ഓഹരി തിരികെ കൈപ്പറ്റാൻ അറിയിപ്പ് നൽകുകയും ചെയ്തു. തുടർന്ന് സംഘത്തിന്റെ കണക്കിൽ ബാക്കി നിൽപ്പുള്ള ₹1,63,200-ന്റെ എ ക്ലാസ് ഓഹരി മൂലധനത്തിൽ ലിക്വിഡേറ്ററുടെ അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേരിൽ ഹാജരായവർക്ക് ₹37,200 ലിക്വിഡേറ്റർ തിരികെ നൽകിയിട്ടുണ്ട്.

അറിയിപ്പ് ലഭിച്ചിട്ടും മറ്റ് എ ക്ലാസ്സ് അംഗങ്ങൾ ഓഹരി തിരികെ ആവശ്യപ്പെട്ടുകൊണ്ട് ലിക്വിഡേറ്ററെ കത്ത് മുഖേനയോ അല്ലാതെയോ സമീപിച്ചിട്ടില്ലെന്ന് ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം കണക്കിൽ സർക്കാർ ബാധ്യതയൊന്നും നിലവിലില്ല. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിൽ സംഘം ആസ്തികളിൽനിന്നും മുതൽ കൂട്ടിയ ₹1,87,056-ന്റെ 15% ലിക്വിഡേഷൻ ചാർജ്ജായി ട്രഷറിയിൽ ലിക്വിഡേറ്റർ അടവാക്കിയിട്ടുണ്ട്.

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം സംഘത്തിന്റെ ബാക്കി പത്രത്തിൽ ബാക്കി നിൽപ്പുള്ള ₹1,26,000-ന്റെ ഓഹരി തുക ഉൾപ്പെടെയുള്ള ₹1,38,120-ന്റെ ബാധ്യതകളും ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള നടപടികൾ പ്രകാരം വന്ന ₹1,23,376-ന്റെ അറ്റ നഷ്ടം ഉൾപ്പെടെയുള്ള ₹1,38,120-ന്റെ ആസ്തികളും പരാമർശം (4) പ്രകാരം യഥാക്രമം കണ്ട് കെട്ടിയും എഴുതി തള്ളിയും ഉത്തരവാകുകയും ചെയ്തു.

തുടർന്ന് ലിക്വിഡേറ്ററുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ടായിരുന്ന ₹1,84,155 20-5-2025-ന് കൊണ്ടോട്ടി അസിസ്റ്റന്റ് രജിസ്ട്രാരുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ട്, അക്കൗണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ നടപടികൾക്ക് ശേഷം സംഘത്തിൽ ആസ്തിബാധ്യതകൾ യാതൊന്നും ബാക്കിനിൽപ്പില്ല. ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ടെന്നും സർക്കാർ ബാധ്യതകൾ യാതൊന്നും നിലവിലില്ലെന്നും കാണുന്നു.

മേൽ പ്രകാരം സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് പരാമർശം (5) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്തുകൊണ്ട് സംഘത്തിന്റെ 4-6-2025-ലെ പൊതുയോഗത്തിന്റെ തീരുമാനമുൾപ്പെടെയുള്ള അപേക്ഷയും കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ടും കൊണ്ടോട്ടി അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന സമർപ്പിക്കുകയും ടി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ പരിശോധിച്ച അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മുതുവല്ലൂർ പഞ്ചായത്ത് പട്ടികജാതി വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 865-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ഓഫീസ്, മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/2946/2024-HMC2. 2025 ജൂലൈ 26.

വിഷയം :—സഹകരണ വകുപ്പ്—പുറത്തൂർ പഞ്ചായത്ത് പ്രവാസി ഹരിത സഹ കരണ സംഘം ക്ലിപ്തം നമ്പർ എം. 886-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവി ക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) സഹകരണ സംഘം രജിസ്ട്രാറുടെ 21-11-2022-ലെ RCS/7921/2022 AEL(1) നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-8-2024-ലെ ARGTIR/985/2024-OI(2) നമ്പർ ഉത്തരവ്.

(3) 28-2-2025-ലെ വകുപ്പ് 66 പരിശോധന റിപ്പോർട്ടും, തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-3-2025 തീയതിയിലെ ARGTIR/985/2025-O4-OI നമ്പർ കത്തും.

(4) ഈ കാര്യാലയത്തിലെ 4-6-2025-ലെ ഇതേ നമ്പർ കത്ത്.

ജില്ലയിലെ പ്രവർത്തനരഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (1) നിർദ്ദേശപ്രകാരം പുറത്തൂർ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 886-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരാമർശം (3) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

വകുപ്പ് 66 പരിശോധനയുടെ ഭാഗമായി മൊഴി രേഖപ്പെടുത്തുന്നതിനായി തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ഹാജരാകുന്നതിന് മുൻ ഭരണ സമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും 7-ാം നമ്പർ അംഗം ശ്രീ. സുലൈമാൻ, സി. മാത്രമാണ് ഹാജരായി മൊഴി നൽകിയത്. സംഘം പ്രവർത്തനമാരംഭിച്ചെങ്കിലും സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും സംഘം പുനരുജ്ജീവിപ്പിക്കുവാൻ 1-1-2025 വരെ സമയം അനുവദിച്ചിരുന്നെങ്കിലും ടി സമയത്തിനുള്ളിൽ യാതൊരു പുരോഗതിയും നടക്കാത്ത സാഹചര്യത്തിൽ സമാപ്തീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ടിയാൻ മൊഴി നൽകിയിരുന്നു.

8-1-2013-ന് രജിസ്റ്റർ ചെയ്ത സംഘം 4-2-2013-ന് പ്രഥമ പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിച്ചെങ്കിലും പ്രഥമ പൊതുയോഗത്തിന് ശേഷം സംഘത്തിൽ പൊതുയോഗം ചേർന്നിട്ടില്ല. സംഘം നിയമാവലി 34 6(1) പ്രകാരം ഭരണസമിതി യോഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതാണ് എന്ന നിബന്ധന പാലിക്കുന്ന കാര്യത്തിൽ ഭരണ സമിതി ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുവാൻ ആവശ്യമായ യാതൊരു പ്രവർത്തനവും ഏറ്റെടുത്ത് നടത്തുവാൻ ഭരണസമിതി ശ്രമിച്ചിട്ടില്ല. സംഘം പ്രവർത്തനം നടത്തി ക്കൊണ്ടുപോകുവാൻ ഭരണസമിതിക്ക് താൽപര്യമില്ലാത്ത സാഹചര്യത്തിൽ സംഘം സമാപ്തീ കരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടതായി വകുപ്പ് 66 റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സംഘം ഭരണസമിതിയുടെ കാലാവധി 30-7-2018-ന് അവസാനിച്ചെങ്കിലും പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് അംഗങ്ങൾക്ക് താൽപര്യമില്ലാത്തതിനാൽ സാധിച്ചിട്ടില്ല. സംഘത്തിന് ഓഫീസോ, ജീവനക്കാരോ നിലവിലില്ല.

സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മുൻ ഭരണസമിതിക്കോ അംഗങ്ങൾക്കോ യാതൊരു താൽപര്യവും ഇല്ല. യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്തവിധം സംഘം പ്രവർത്തനരഹിതമായ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് വകുപ്പ് 66 പരിശോധന ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന പുറത്തൂർ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 886-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ വകുപ്പ് 71(1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരുംതന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുറത്തൂർ പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.886-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും വകുപ്പ് 72(1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തിരൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69 (4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ഷീജ, എൻ. എം.)

നമ്പർ എസ്.സി.റ്റി 1372/2025 2025 ജൂൺ 21.

വിഷയം :—സഹകരണ വകുപ്പ്—നാദാപുരം ഹെൽത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി 3234-വകുപ്പ് 71 (2) (ബി) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സംഘത്തിന്റെ സമാപ്തീകരണത്തിനായി സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലികിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതും—സംബന്ധിച്ച്.

സൂചന :—(1) ജോയിന്റ് രജിസ്ട്രാർ (ജ) കോഴിക്കോടിന്റെ 7-11-2017-ലെ O/6581/14/R.Dis നമ്പർ ഉത്തരവ്.

(2) നാദാപുരം യൂണിറ്റ് ഇൻസ്പെക്ടർ 24-11-2024-ന് സംഘത്തിൽ നടത്തിയ ആകസ്മിക പരിശോധന റിപ്പോർട്ട്.

(3) സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര-ടെ ARGVTA/367/2025-UI(4) നമ്പർ കത്ത്.

കോഴിക്കാട് ജില്ലയിലെ വടകര താലൂക്കിൽ നാദാപുരം ആസ്ഥാനമാക്കി സൂചന (1) ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട നാദാപുരം ഹെൽത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി 3234 സംഘത്തിന്റെ ആദ്യ പൊതുയോഗം 27-1-2018-ന് ചേർന്നിട്ടുണ്ടെങ്കിലും സംഘം നാളിതുവരെ നിയമാവലി പ്രകാരമുള്ള പ്രവർത്തനം ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നും സംഘത്തിൽ ഭരണസമിതി നിലവിലില്ലാത്തതിനാൽ ഭരണസ്തംഭനം നേരിടുന്നുണ്ടെന്നും സൂചന (2) പരിശോധനയിൽ കണ്ടെത്തിയതായി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര സൂചന (3) പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്. രജിസ്ട്രാർ സമയം നീട്ടിക്കൊടുത്തിട്ടില്ലെങ്കിൽ സംഘം രജിസ്റ്റർ ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കുകയോ അഥവാ സംഘത്തിന്റെ പ്രവർത്തനം നിന്നുപോവുകയോ ചെയ്യുന്നപക്ഷം കേരള സഹകരണ നിയമം വകുപ്പ് 71 (2) ബി പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ആയതിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര സൂചന (3) പ്രകാരം ശിപാർശ ചെയ്തിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ സഹകരണ നിയമം 71 (2) (ബി) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ താഴെ പരാമർശിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

സൂചന (1) ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട നാദാപുരം ഹെൽത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി 3234 സംഘം രജിസ്റ്റർ ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ നിയമാവലി പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതിനാലും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ലാത്തതിനാലും കേരള സഹകരണ നിയമം വകുപ്പ് 71 (2) ബി പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

വടകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ നാദാപുരം യൂണിറ്റ് ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലികിഡേറ്ററായി വകുപ്പ് 72 (1) പ്രകാരം നിയമിച്ചും ഉത്തരവാകുന്നു. ലികിഡേറ്റർ ഉടൻ ചാർജ്ജെടുത്ത വിവരം റിപ്പോർട്ട് ചെയ്യേണ്ടതും, സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുവാനുള്ള ഉത്തരവിനായി ഈ ഓഫീസിൽ കാലതാമസം കൂടാതെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ആഫീസ്, കോഴിക്കോട്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: എൻ. എം. ഷീജ)

നമ്പർ സി.എസ്.-1494/2022. 2025 ജൂലൈ 22.

വിഷയം: —സഹകരണ വകുപ്പ്—കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2847-ൽ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണം നടത്തുന്നതിന്—ലിക്വിഡേറ്ററെ നിയമിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 16-3-2022-ലെ ഇ 2722/2019 നമ്പർ കത്ത്.

(2) മാവൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 29-9-2021-ലെ ഇ 2722/2019 നമ്പർ കത്ത്.

കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2847-ൽ കേരള സഹകരണ നിയമം 66(2) പ്രകാരം പരിശോധന നടത്തി താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ നേരിട്ട് കണ്ട് സംഘത്തിന്റെ നിലവിലെ സ്ഥിതിയെപ്പറ്റി നേരിട്ട് ചർച്ച ചെയ്യുന്നതിന് 31-8-2021-ന് കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർക്ക് മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിച്ച് 9-8-2021 -ന് രജിസ്ട്രേഡ് തപാൽ മുഖേന അറിയിച്ചിരുന്നെങ്കിലും കൈപ്പറ്റാതെ തിരിച്ച് ലഭിച്ചിരിക്കുകയാണെന്നും ബോധിപ്പിച്ചിരിക്കുന്നു. കൂടാതെ സർക്കിൾ സഹകരണ യൂണിയൻ, സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ എന്നിവർക്ക് കത്ത് നൽകിയിരുന്നു എന്നും മറുപടി ലഭ്യമായിട്ടില്ലായെന്നും ബോധിപ്പിച്ചിരിക്കുന്നു. എന്നാൽ കേരള ബാങ്കിന്റെ KB/KKD/GAD/2022 നമ്പർ കത്ത് പ്രകാരം 10005120170009 നമ്പർ അക്കൗണ്ടിൽ ₹ 3,085 ബാക്കി നിൽപ്പുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണെന്നും രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ലായെന്നും ബോധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സംഘത്തിനെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2847-ൽ കേരള സഹകരണ നിയമം 66(2) പ്രകാരം പരിശോധന നടത്തി സംഘം പ്രവർത്തന രഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ സാധ്യമല്ലെന്നും, പരിശോധനയ്ക്ക് രേഖകളൊന്നും ലഭ്യമായിട്ടില്ലായെന്നും ബോധ്യപ്പെട്ടതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മാവൂർ യൂണിറ്റ് ഇൻസ്പെക്ടർ ശ്രീമതി സനിത, എം. എൻ. സീനിയർ ഇൻസ്പെക്ടറെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കണമെന്നും പരമാവധി രണ്ട് വർഷത്തിനുള്ളിൽ ലിക്വിഡേഷൻ പൂർത്തീകരിക്കണമെന്നും ലിക്വിഡേഷൻ പിരീഡിൽ വരുന്ന ചെലവുകൾ സംഘം വഹിക്കണമെന്നും ഉത്തരവാകുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കോഴിക്കോട്. (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: എൻ. എം. ഷീജ)

നമ്പർ സി.എസ്./1917/2023. 2025 ജൂലൈ 22.

വിഷയം: —സഹകരണ വകുപ്പ്—പെരിങ്ങളം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2771-ൽ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണം നടത്തുന്നത്—സംബന്ധിച്ച്.

സൂചന:—(1) അസിസ്റ്റന്റ് രജിസ്ട്രാറുടെ 29-5-2023-ലെ ജി 1465/2023 നമ്പർ കത്ത്.

(2) കുന്ദമംഗലം യൂണിറ്റ് ഇൻസ്പെക്ടറുടെ 24-5-2023-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന റിപ്പോർട്ട്.

പെരിങ്ങളം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2771 പ്രവർത്തനം സംബന്ധിച്ചും, നിയമാവലി ഉദ്ദേശങ്ങൾ നിറവേറ്റുന്നതിലെ വീഴ്ച സംബന്ധിച്ചും വകുപ്പ് 66 പ്രകാരം പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ സമർപ്പിച്ചിരിക്കുകയാണ്.

കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് സംഘം ഓഫീസ് പ്രവർത്തിക്കുന്നില്ലായെന്നും ആയതിനാൽ ആസ്ഥാനത്ത് നേരിട്ട് പരിശോധിക്കാൻ സാധിച്ചിട്ടില്ലായെന്നും, രേഖകൾ പരിശോധിക്കുന്നതിന് സംഘത്തിന്റെ അവസാനത്തെ സെക്രട്ടറി, പ്രസിഡന്റ്, ഡയറക്ടർ ബാബു എന്നിവർക്ക് രജിസ്റ്റേർഡ് തപാൽ മുഖേനയും നേരിട്ടും ഫോൺ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഹാജരാക്കിയിട്ടില്ലായെന്നും ബോധിപ്പിച്ചിരിക്കുന്നു.

2007-08 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രേഖകളൊന്നും ലഭിച്ചിട്ടില്ല. 2006-07 വർഷത്തെ ആഡിറ്റ് നോട്ട്, സർട്ടിഫിക്കറ്റ് എന്നിവയാണ് ലഭിച്ചത്. ടി റിപ്പോർട്ട് പരിശോധിച്ചതിൽ 66 അംഗങ്ങളും, ₹1.55 ലക്ഷം ഓഹരിമൂലധനവും ഉണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് കുന്ദമംഗലം ശാഖയിൽ 3606 നമ്പർ സേവിംഗ് ബാങ്ക് അക്കൗണ്ടായി ₹ 54,361 നിക്ഷേപവും മറ്റ് സ്ഥാപനങ്ങളിലായി ₹ 2,250-ന്റെ ഓഹരിയും, ₹ 9,966-ന്റെ സ്ഥാവര ജംഗമ വസ്തുക്കളും ഉണ്ട്. സംഘത്തിന് ₹ 6,40,687.50 ലഭിക്കുവാനും സംഘത്തിൽ നിന്നും ₹ 5,42,349.50 നൽകുവാനും ഉണ്ട്. ആഡിറ്റ് ഫീ ഇനത്തിൽ ₹ 300-ം, അഫിലിയേഷൻ ഫീ ഇനത്തിൽ ₹ 2,000-ം അടവാക്കാൻ ബാക്കിയുണ്ടെന്നും ബോധിപ്പിച്ചിരിക്കുന്നു.

പെരിങ്ങളം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2771-നെ പുനരുദ്ധീകരണത്തിന് യാതൊരു സാധ്യതയുമില്ലെന്നും ആയതിനാൽ സംഘത്തിനെ സമാപ്തീകരിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടാണ് യൂണിറ്റ് ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് ബോധിപ്പിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

പെരിങ്ങളം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2771-ൽ സൂചന (2) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ നിന്നും സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ലായെന്നും, സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് ആരുംതന്നെ മുന്നോട്ട് വന്നിട്ടില്ലായെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംഘത്തിനെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിക്കുന്നതിന് കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുന്ദമംഗലം യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. സബീഷ് കുമാർ-നെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ സംഘത്തിൽ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കുന്നതിനും, ചാർജ്ജെടുത്ത തീയതി മുതൽ പരമാവധി 2 വർഷത്തിനകം ലിക്വിഡേഷൻ നടപടി പൂർത്തീകരിക്കണമെന്നും ലിക്വിഡേഷനുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും സംഘം വഹിക്കണമെന്നും ഉത്തരവാകുന്നു.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, (ഒപ്പ്)
കോഴിക്കോട്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: രാമകൃഷ്ണൻ, വി.)

(1)

നമ്പർ 1007/2023/എ.ഇ.എൽ./കെഡിസ്. 2025 ജൂൺ 28.

വിഷയം :—കൂത്തുപറമ്പ ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി 907—പ്രവർത്തനരഹിതം—കേരള സഹകരണ നിയമം 71 (1) സംഘം പ്രവർത്തനം സമാപ്തീകരിച്ചും 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 4-3-2023 തീയതിയിലെ 276/2023/KPA നമ്പർ കത്തും പരിശോധന റിപ്പോർട്ടും.

കൂത്തുപറമ്പ ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 907 പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കൂത്തുപറമ്പ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേൽ സൂചന പ്രകാരം ഈ ഓഫീസിൽ സമർപ്പിച്ചിരുന്നു. റിപ്പോർട്ടിൽ സംഘം ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നില്ലെന്നും, സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രകാരമുള്ള യാതൊരു പ്രവർത്തനവും നടത്തുന്നില്ലെന്നും 2009 മുതൽ സംഘം പ്രവർത്തനരഹിതമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

സംഘം ഭരണ സമിതിയുടെ കാലാവധി 15-2-2014 തീയതിയിൽ പൂർത്തിയായതായും ആയതിനു ശേഷം സംഘത്തിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെന്നും സംഘത്തിൽ ഭരണ സ്തംഭനമാണു നിലവിലുള്ളത് എന്നും സംഘം പ്രവർത്തിപ്പിക്കുന്നതിനും കണക്കുകൾ യഥാവിധി എഴുതി സൂക്ഷിക്കുന്നതിലും ഭരണ സമിതി വീഴ്ച വരുത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന റിപ്പോർട്ട് പരിശോധിച്ചതിൽ സംഘം, പ്രവർത്തനരഹിതമാണെന്നും പുനരുജ്ജീവനത്തിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും സംഘം പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിനാൽ സംഘം പ്രവർത്തനം കേരള സഹകരണ നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിച്ചും സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും താഴെ ചേർത്ത പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കൂത്തുപറമ്പ ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 907 പ്രവർത്തന രഹിതമായതിനാൽ കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് സംഘം പ്രവർത്തനം സമാപ്തീകരിച്ചും 72-ാം വകുപ്പ് പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കൂത്തുപറമ്പ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും ടി വിവരം യഥാസമയം ഈ ഓഫിസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(2)

നമ്പർ 2483/2022/എ.ഇ.എൽ./കെഡിസ്. 2025 ജൂൺ 30.

വിഷയം :—സമാപ്തീകരണം—കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ആൻഡ് ടെക്നിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1593—നടപടികൾ പൂർത്തിയാക്കൽ—കേരള സഹകരണ നിയമം 74-ാം വകുപ്പ്—രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂരിന്റെ 15-10-2019 തീയതിയിലെ 5853/2016/എ.ഇ.എൽ./കെഡിസ് നമ്പർ ഉത്തരവ്

(2) സംഘം ലിക്വിഡേറ്ററുടെ 16-6-2025 തീയതിയിലെ 3070/2019/കെ(2) നമ്പർ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ആൻഡ് ടെക്നിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1593 പ്രവർത്തനരഹിതമായതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിച്ചും, കേരള സഹകരണ നിയമം 71 (1) (ബി) പ്രകാരം കണ്ണൂർ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) കാര്യാലയത്തിലെ കണ്ണൂർ 2 യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിക്കുകയും, ലിക്വിഡേറ്റർ സ്വമേധയാ ചുമതലയേൽക്കുകയും സാമാപ്തീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

മേൽ സൂചന (2) നടപടിക്രമം വഴി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ കേരള സഹകരണ നിയമം വകുപ്പ് 73 പ്രകാരം പൂർത്തിയായതായും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദുചെയ്തുതരണമെന്നും ലിക്വിഡേറ്റർ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേഷൻ കാലയളവിലെ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ. ഓഡിറ്റർ പരിശോധിച്ചിട്ടുണ്ട്. സംഘത്തിൽ നിലവിൽ ആസ്തി ബാധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ആൻഡ് ടെക്നിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1593-ന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാ രേഖകളും, റെക്കോർഡുകളും കേരള സഹകരണ നിയമം ചട്ടം 70-ലെ വ്യവസ്ഥകൾക്ക് വിധേയമായി 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി സമയ പരിധിക്കു ശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതാണ്.

(3)

നമ്പർ 1009/2023/എ.ഇ.എൽ./കെഡിസ്. 2025 ജൂൺ 28.

വിഷയം :—പാനൂർ പഞ്ചായത്ത് കാന്റീൻ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1479—പ്രവർത്തന രഹിതം—കേരള സഹകരണ നിയമം 71 (1) സംഘം പ്രവർത്തനം സമാപ്തീകരിച്ചും, 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും ഉത്തരവാകുന്നത്— സംബന്ധിച്ച്

സൂചന:—(1) കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 4-3-2023 തീയതിയിലെ 1/2022/ബി നമ്പർ കത്തും, പരിശോധന റിപ്പോർട്ടും.

പാനൂർ പഞ്ചായത്ത് കാന്റീൻ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1479 പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പാനൂർ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചു ഉത്തരവായിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേൽ സൂചന പ്രകാരം ഈ ഓഫിസിൽ സമർപ്പിച്ചിരുന്നു. റിപ്പോർട്ടിൽ സംഘം ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നില്ലെന്നും, സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രകാരമുള്ള യാതൊരു പ്രവർത്തനവും നടത്തുന്നില്ലെന്നും, സംഘത്തിൽ വാർഷിക പൊതുയോഗം ചേരാറില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം ഭരണ സമിതിയുടെ കാലാവധി 22-1-2010-ൽ പൂർത്തിയായതായും, ആയതിനുശേഷം സംഘത്തിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെന്നും, സംഘത്തിൽ ഭരണ സ്തംഭനമാണു നിലവിലുള്ളത് എന്നും, സംഘം പ്രവർത്തിപ്പിക്കുന്നതിനും, കണക്കുകൾ യഥാവിധി എഴുതി സൂക്ഷിക്കുന്നതിലും, ഭരണ സമിതി വീഴ്ച വരുത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന റിപ്പോർട്ട് പരിശോധിച്ചതിൽ സംഘം പ്രവർത്തനരഹിതമാണെന്നും, പുനരുജ്ജീവനത്തിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും സംഘം പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിനാൽ സംഘം പ്രവർത്തനം കേരള സഹകരണ നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിച്ചും, സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും താഴെ ചേർത്ത പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പാനൂർ പഞ്ചായത്ത് കാന്റീൻ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1479 പ്രവർത്തന രഹിതമായതിനാൽ കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് സംഘം പ്രവർത്തനം സമാപ്തികരിച്ചും, 72-ാം വകുപ്പ് പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് കൂത്തുപറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പാനൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും ടി വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.05 02:33:28 +05:30